II ഇ.ബി.XIV-കേരള നിയമസഭ/IV-5

## പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2017 മാർച്ച് 6, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ബഡ്ജറ്റിന്റെ വിശദാംശങ്ങൾ വാർത്താമാധ്യമങ്ങളിലൂടെ ചോർന്നതുമായി ബന്ധപ്പെട്ട വിഷയം ചോദ്യോത്തരവേള റദ്ദ് ചെയ്ത് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തുകയും പ്രസ്തുത വിഷയം അടിയന്തരപ്രമേയമായി പരിഗണിക്കുന്നതിനാൽ ചോദ്യോത്തരവേള റദ്ദ് ചെയ്ത് ചർച്ച ചെയ്യേണ്ടതില്ലെന്ന് ബഹു. സ്പീക്കർ വ്യക്തമാക്കുകയും ചെയ്തു.)

13 (*121) രണ്ടാംഘട്ട ജനകീയാസൂത്രണ പദ്ധതി

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) നൽകിയ മറുപടിയിൽ,

രണ്ടാംഘട്ട ജനകീയാസൂത്രണ പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ് അദ്ധ്യക്ഷനായും ആസൂത്രണ പ്രക്രിയയിൽ സഹായിക്കാൻ കഴിവുള്ള വിദഗ്ധൻ ഉപാദ്ധ്യക്ഷനായും സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷന്മാർ, സന്നദ്ധസേവകരായ വിദഗ്ധർ എന്നിവർ അംഗങ്ങളായും സെക്രട്ടറി കൺവീനറായുമുള്ള ആസൂത്രണ സമിതി രൂപീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പദ്ധതി ആസൂത്രണം-നിർവ്വഹണം എന്നീ പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുള്ള ഉപദേശങ്ങൾ നൽകാനും വിവിധ പ്രവർത്തനങ്ങൾ, ഏകോപിപ്പിക്കുന്നതിന് ഭരണ സമിതിയെ സഹായിക്കാനും പ്രാദേശികാസൂത്രണത്തിന് അനുയോജ്യമായ പഠനവും വിവരശേഖരണവും നടത്താനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആസൂത്രണ സമിതിയെ പ്രയോജനപ്പെടുത്താവുന്നതാണെന്നും ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ പുതുതലമുറയുടെ പങ്കാളിത്തം ഉറപ്പാക്കാൻ സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള നവമാധ്യമങ്ങളെ ഉപയോഗപ്പെടുത്തുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. ജനകീയാസൂത്രണ പദ്ധതി തുകയുടെ വിനിയോഗം മെച്ചപ്പെടുത്തുന്നതിനുള്ള തീവ്രശ്രമങ്ങൾ തദ്ദേശഭരണ

സ്ഥാപനാടിസ്ഥാനത്തിൽ നടന്നുവരികയാണ്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങളും എഞ്ചിനീയറിംഗ് വിഭാഗവും തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പദ്ധതി നിർവ്വഹണത്തെ തടസ്സപ്പെടുത്തുന്ന തരത്തിലുള്ള ഉത്തരവുകൾ ക്രമീകരിക്കുന്നതിന് വകുപ്പുതലത്തിൽ ശ്രദ്ധ ചെലുത്തുന്നതാണ്. കിണറുകളുടെ റീ-ചാർജ്ജിംഗ് ഉൾപ്പെടെ നടത്തി ജലസ്രോതസ്സുകളെ നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ രണ്ടാംഘട്ട ജനകീയാസൂത്രണ പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിൽ ആരംഭിച്ചിട്ടുണ്ടെന്നും പ്രാദേശിക വേർതിരിവില്ലാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് വിനിയോഗം ഉറപ്പുവരുത്തുമെന്നും പദ്ധതി നിർവ്വഹണത്തിന് മുൻവർഷം ലഭിച്ച തുകയെക്കാൾ പത്തുശതമാനം അധികരിച്ച തുക ലഭിക്കണമെന്ന രീതിയിൽ വികസനത്തിനനുയോജ്യമായ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. 184 പഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകൾ സമയബന്ധിതമായി പ്രൊമോഷനുകൾ നൽകി നികത്തിയിട്ടുണ്ടെന്നും എൽ.ഡി.ക്ലാർക്കുമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എല്ലാ പഞ്ചായത്തുകൾക്കും സ്വന്തമായി കെട്ടിടങ്ങൾ

നിർമ്മിക്കുന്നതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനുമുള്ള അവസരം എം.എൽ.എ./എം.പി.-മാർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

14 (*122) അഗ്രോ സർവ്വീസ് സെന്റർ

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് നാളിതുവരെ 64 അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും ഘട്ടംഘട്ടമായി സംസ്ഥാനത്തെ മുഴുവൻ ബ്ലോക്കുകളിലും അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുമെന്നും സഭയെ അറിയിച്ചു. കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകർക്ക് വരുമാന വർദ്ധനവ് ഉറപ്പാക്കുന്നതിനും തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനും കാർഷിക മേഖലയിൽ ആധുനിക രീതിയിലുള്ള യന്ത്രവത്കരണം അത്യന്താപേക്ഷിതമാണെന്നും ഇതിനായി കാർഷിക സർവ്വകലാശാലയുടെയും മറ്റ് സ്ഥാപനങ്ങളുടെയും ഗവേഷണ ഫലങ്ങൾ പ്രയോജനപ്പെടുത്തിയും കൃഷി വകുപ്പിന്റെ കീഴിലുള്ള 'ആത്മ' ഉൾപ്പെടെയുള്ള പദ്ധതികൾ ഏകോപിപ്പിച്ചും അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം

കാര്യക്ഷമമാക്കുന്നതാണ്. കൃഷി ആദായകരമാക്കുന്നതിനും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും നൂതന പദ്ധതികൾ കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൃഷിയിലെ വൈവിധ്യവത്കരണം, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ സംസ്കരണവും വിപണനവും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ എന്നിവയ്ക്ക് മുന്തിയ പരിഗണനയാണ് നൽകുന്നതെന്നും സാമൂഹ്യ ഉത്തരവാദിത്വമുള്ള തൊഴിലായി കൃഷിയെ മാറ്റിയെടുക്കാനുള്ള തീവ്രശ്രമം നടത്തുമെന്നും ഇതിനായി കാർഷിക കർമ്മസേനയുടെ സേവനം ഉറപ്പാക്കുമെന്നും മന്ത്രി വ്യക്തമാക്കി. പഴം-പച്ചക്കറികളിലെ കീടനാശിനി സാന്നിധ്യം പരിശോധിക്കുന്നതിനായി എല്ലാ ജില്ലകളിലും കൂടുതൽ ലബോറട്ടറികൾ ആരംഭിക്കുമെന്നും ജൈവ പച്ചക്കറികൾ ഉത്പാദിപ്പിച്ചുകൊണ്ട് സ്വയം പര്യാപ്തത നേടുന്നതിനുള്ള ഊർജ്ജിത ശ്രമമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും ഇതിനായി 85 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ആധുനിക ശാസ്ത്രസാങ്കേതികവിദ്യയുടെ സഹായത്തോടെ ജൈവകാർഷിക നയം രൂപപ്പെടുത്തുമെന്നും ഈ വർഷം 446 ക്ലസ്റ്ററുകൾ വഴി 10000 ഹെക്ടർ പ്രദേശത്ത് ജൈവ പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും 'കേരള

ഓർഗാനിക് എന്ന ബ്രാന്റുവഴി ഇവ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമെന്നും മികച്ച നിലയിൽ പ്രവർത്തിക്കുന്ന അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനത്തിനാവശ്യമായ യന്ത്രസാമഗ്രികൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു. സംസ്ഥാന വ്യാപകമായി 200-ഓളം പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ ആരംഭിക്കാനും പ്രത്യേക കാർഷിക സോണുകളിലെ സംയോജിത പ്രവർത്തനങ്ങൾക്ക് വിത്ത് മുതൽ വിപണിവരെ ആവശ്യമായ സഹായം നൽകുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ഉത്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കാനും നടപടി സ്വീകരിക്കുന്നതാണ്. കൃഷി പാഠ്യപദ്ധതിയുടെ ഭാഗമാക്കുമെന്നും യുവാക്കളെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള സമഗ്ര പരിപാടികൾ ആവിഷ്കരിക്കുമെന്നും കേരളത്തിന്റെ തനത് കാർഷിക വിഭവങ്ങൾക്ക് ജിയോഗ്രഫിക്കൽ ഇൻഡിക്കേഷനുൾപ്പെടെയുള്ള അംഗീകാരം ലഭ്യമാക്കാനാവശ്യമായ നടപടി ആരംഭിച്ചിട്ടുണ്ടെന്നും ഓരോ ജില്ലയിലും കൃഷി വകുപ്പിന്റെ കീഴിൽ യന്ത്രസാമഗ്രികൾ സംബന്ധിച്ച രജിസ്റ്റർ സമയബന്ധിതമായി തയ്യാറാക്കുമെന്നും ഇവ അഗ്രോ സർവ്വീസ് സെന്ററുകളുമായി ഏകോപിപ്പിച്ചുകൊണ്ട് കൃഷിക്കാർക്ക് ലഭ്യമാക്കാനാവശ്യമായ നടപടി

സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

15 (*123) വിഴിഞ്ഞം തുറമുഖ പദ്ധതി

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) നൽകിയ മറുപടിയിൽ, വിഴിഞ്ഞം തുറമുഖ പദ്ധതിക്കാവശ്യമായ സ്ഥലത്തിന്റെ 92.62 ശതമാനം ഏറ്റെടുത്തെന്നും ശേഷിക്കുന്ന 7.38 ശതമാനം (12 ഹെക്ടർ) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും സഭയെ അറിയിച്ചു. വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണത്തിനും നടത്തിപ്പിനുമായി അദാനി വിഴിഞ്ഞം തുറമുഖ കമ്പനിയുമായി (AVPPL) സംസ്ഥാന സർക്കാർ 2015 ആഗസ്റ്റ് മാസം 17-ന് ഏർപ്പെട്ടിട്ടുള്ള കരാർപ്രകാരം 1460 ദിവസംകൊണ്ട് നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ അദാനി വിഴിഞ്ഞം തുറമുഖ കമ്പനിക്ക് സർക്കാർ ലഭ്യമാക്കിവരുന്നുണ്ടെന്നും നിർമ്മാണ കാലയളവിനെ നാല് ഘട്ടങ്ങളായി തിരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് എംപവേർഡ് കമ്മിറ്റിയും പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും പ്രവർത്തിച്ചുവരുന്നു. പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിൽ DBFOT (Design, Build, Finance, Operate, Transfer) വ്യവസ്ഥയിലാണ്

പദ്ധതി രൂപപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായ മണ്ണ് പരിശോധന, സർവ്വേ, ബ്രേക്ക് വാട്ടറിനെ ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം, 3100 മീറ്റർ നീളമുള്ള ബ്രേക്ക് വാട്ടറിന്റെ (പുലിമുട്ട്) 538 മീറ്റർ ഭാഗത്തിന്റെ കോർ നിർമ്മാണം എന്നിവ പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ അനുബന്ധ പ്രവർത്തനങ്ങൾക്കാവശ്യമായ ജലം വെള്ളായണി കായലിൽ നിന്നും പദ്ധതി പ്രദേശത്തിനടുത്ത് സ്ഥാപിച്ചിട്ടുള്ള 3 ദശലക്ഷം ക്യൂബിക് മീറ്റർ ശേഷിയുള്ള ശുദ്ധീകരണ ശാലയിലെത്തിച്ച് ശുദ്ധീകരിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും പദ്ധതി നിർമ്മാണത്തി നാവശ്യമായ 11 കെ. വി.-യുടെ രണ്ട് വൈദ്യുതി കേബിളുകൾ പൂവാർ 33 കെ.വി.സബ്സ്റ്റേഷനിൽ നിന്നും ലഭ്യമാക്കുകയും തുറമുഖ പ്രവർത്തനത്തിനാവശ്യമുള്ള 220 കെ.വി. വൈദ്യുതി ലൈനിന്റെ (കാട്ടാക്കട-ബാലരാമപുരം-വിഴിഞ്ഞം) നിർമ്മാണം നടന്നുവരുന്നതായും മന്ത്രി അറിയിച്ചു. തിരുവനന്തപുരം - നാഗർകോവിൽ റെയിൽ പാതയെ തുറമുഖവുമായി ബന്ധിപ്പിക്കുന്ന 12 കി.മീ. നീളമുള്ള റെയിൽ പാതയുടെ നിർമ്മാണത്തിന് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ റെയിൽ വികാസ് നിഗം ലിമിറ്റഡുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും പദ്ധതിക്കായുള്ള വിശദ പഠന റിപ്പോർട്ട് റെയിൽ മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി

നൽകുകയും പൂർത്തിയാകുന്ന മുറയ്ക്ക് ഭൂമിയേറ്റെടുക്കൽ നടപടി ആരംഭിക്കുകയും ചെയ്യുന്നതാണ്. പദ്ധതി പൂർത്തീകരണത്തിനാവശ്യമായ സഹായം നൽകാമെന്ന് കേന്ദ്രസർക്കാർ സമ്മതിച്ചിട്ടുണ്ടെന്നും കേന്ദ്ര സർക്കാരിന്റെ സാഗർമാല സ്കീമിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം നേടിയെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സീ-ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കിവരികയാണെന്നും ജീവനോപാധി നഷ്ടപരിഹാരം നൽകുന്നതിന്റെ ഭാഗമായുള്ള ഒന്നാംഘട്ട വിതരണം പൂർത്തിയായിട്ടുണ്ടെന്നും രണ്ടാംഘട്ട വിതരണത്തിനാവശ്യമായ ക്രമീകരണങ്ങൾ നടന്നുവരുന്നതായും റെയിൽ കണക്റ്റിവിറ്റി ബാലരാമപുരം സ്റ്റേഷനുമായി ബന്ധപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും ഇതുസംബന്ധിച്ച ചർച്ചകൾ റെയിൽ അധികൃതരുമായി നടന്നുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

16(*124) <u>നാളികേര മേഖലയുടെ സംരക്ഷണം</u>

കൃഷി വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ 'കേരഗ്രാമം'

എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2016-17 വർഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. 500 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 30 കേരഗ്രാമങ്ങൾ പുതിയതായി തെരഞ്ഞെടുത്ത 59 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലാണ് നടപ്പിലാക്കുന്നതെന്നും ഈ വർഷം 4,500 ലക്ഷം രൂപ ബഡ്ജറ്റിൽ ഇതിനായി വകയിരുത്തിയിട്ടുണ്ടെന്നും വെളിച്ചെണ്ണ വിലയെ അടിസ്ഥാനമാക്കിയാണ് നാളികേരത്തിന്റെ വില സംസ്ഥാനത്ത് നിശ്ചയിക്കപ്പെടുന്നതെന്നും നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നതിലൂടെ മാത്രമേ ഉയർന്ന വില ഉറപ്പാക്കാൻ സാധിക്കുകയുള്ളൂവെന്നും ഇതിനായി അഗ്രോ പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതായും മന്ത്രി വ്യക്തമാക്കി. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന-വിപണന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി 'വൈഗ 2016' എന്ന പേരിൽ ഒരു അന്താരാഷ്ട്ര ശിൽപ്പശാല തിരുവനന്തപുരത്ത് സംഘടിപ്പിക്കുകയുണ്ടായി. തെരഞ്ഞെടുത്ത കൃഷിഭവനുകൾ മുഖേനയാണ് കേരഫെഡ് നാളികേര സംഭരണം നടത്തുന്നത്. സംഭരണം കാര്യക്ഷമമാക്കുന്നതിനായി കർഷക സംഘടനാ പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സഹകരണ

സംഘങ്ങളെ സംഭരണത്തിനായി ചുമതലപ്പെടുത്തുന്ന കാര്യം പരിശോധിച്ചു വരികയാണ്. ഉത്പാദന ക്ഷമത കൂടിയ കുറിയ ഇനം തെങ്ങിൻതൈകൾ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1449 മുതൽ 1806 വരെയുള്ള ചോദ്യങ്ങളിൽ 160 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)